"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ സർക്കാർ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പള സ്കെയിൽ, അലവൻസുകൾ എന്നിവ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(കൈ) നം.13/2025/F&WLD തീയതി,തിരുവനന്തപുരം, 06-05-2025**

---

പരാമർശം:- 1. സ.ഉ.(പി)നം.27/2021/ധന തീയതി 10.02.2021.

പരാമർശം:- 2. കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടറുടെ 15.03.2022, 07.03.204, 21.10.2024- തീയതികളിലെ ഇ1-858/2021 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണം വഴി ലഭിച്ചിട്ടുള്ള ശമ്പളവും അലവൻസുകളും കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർക്ക് നൽകുന്നതിന് കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിലെ സർക്കാർ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പള സ്കെയിൽ, അലവൻസുകൾ എന്നിവ പരാമർശം (1) ഉത്തരവിലെ അനുബന്ധം-I പ്രകാരം, ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | അനുവദിച്ച തസ്തികകൾ | പ്രീ-റിവൈസ്ഡ് സ്കെയിൽ (പത്താം ശമ്പള പരിഷ്കരണം) | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1. | മാനേജിങ് ഡയറക്ടർ | 1 | ഐ.എഫ്.എസ്. കേഡർ | ഐ.എഫ്.എസ്. കേഡർ |
| 2. | ജനറൽ മാനേജർ | 1 | ഐ.എഫ്.എസ്. | ഐ.എഫ്.എസ്. |

| | | | കേഡർ | കേഡർ |
|---|---|---|---|---|
| 3. | അസിസ്റ്റന്റ് ജനറൽ മാനേജർ | 1 | 77400-115200 | 107800-160000 |
| 4. | കമ്പനി സെക്രട്ടറി | 1 | 68700-110400 | 95600-153200 |
| 5. | അക്കൗണ്ട്സ് മാനേജർ | 2 | 45800-89000 | 63700-123700 |
| 6. | ഡിവിഷണൽ മാനേജർ | 7 | 45800-89000 | 63700-123700 |
| 7. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | 39500-83000 | 55200-115300 |
| 8. | മാനേജർ | 18 | 39500-83000 | 55200-115300 |
| 9. | പി.എ. ടു മാനേജിങ് ഡയറക്ടർ | 1 | 36600-79200 | 51400-110300 |
| 10. | സീനിയർ സൂപ്രണ്ട് | 4 | 35700-75600 | 50200-105300 |
| 11. | അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്/ഓഫീസ് സൂപ്രണ്ട് | 5 | 32300-68700 | 45600-95600 |
| 12. | അസിസ്റ്റന്റ് സീനിയർ ഗ്രേഡ് | 5 | 30700-65400 | 43400-91200 |
| 13. | അസിസ്റ്റന്റ് ഗ്രേഡ് I | 5 | 25200-54000 | 35600-75400 |
| 14. | അസിസ്റ്റന്റ് ഗ്രേഡ് II | 5 | 22200-48000 | 31100-66800 |
| | | | | |

| | | | | |
|---|---|---|---|---|
| **15.** | സ്റ്റെനോ ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് | **2** | **36600-79200** | **51400-110300** |
| **16.** | സ്റ്റെനോ ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് | **2** | **30700-65400** | **43400-91200** |
| **17.** | അസിസ്റ്റന്റ് മാനേജർ | **16** | **27800-59400** | **39300-83000** |
| **18.** | സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് **I** | **2** | **26500-56700** | **37400-79000** |
| **19.** | ഫീൽഡ് ഓഫീസർ | **32** | **26500-56700** | **37400-79000** |
| **20.** | നഴ്സ് | **1** | **25200-54000** | **35600-75400** |
| **21.** | സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് **II** | **2** | **20000-45800** | **27900-63700** |
| **22.** | ഫാർമസിസ്റ്റ് | **1** | **20000-45800** | **27900-63700** |
| **23.** | ഡ്രൈവർ ഗ്രേഡ് **I** | **6** | **19000-43600** | **26500-60700** |
| **24.** | ഡ്രൈവർ ഗ്രേഡ് **II** | **7** | **18000-41500** | **25100-57900** |
| **25.** | ടൈപ്പിസ്റ്റ് | **2** | **18000-41500** | **25100-57900** |
| **26.** | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് - **I** | **4** | **17000-37500** | **23700-52600** |
| **27.** | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-**II** | **17** | **16500-35700** | **23000-50200** |
| | **ആകെ** | **151** | | |

<u>നിബന്ധനകൾ</u>

1. മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 01.07.2019 ന് നിലവിലുള്ള 2 8 % ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ.(പി) നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12, 1 3 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കുന്നു. കേരള വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കുന്നു.

6. കേരള വനം വികസന കോർപ്പറേഷനിലെ ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് യൂണിഫോം അലവൻസ് അടുത്ത സാമ്പത്തിക വർഷം (2025-26) മുതൽ ചുവടെ ചേർക്കുന്ന നിരക്കിൽ അനുവദിക്കുന്നു.

| തസ്തികയുടെ പേര് | അനുവദിച്ച തസ്തികകൾ | നിലവിലെ സ്ട്രെങ്ത് | യൂണിഫോം അലവൻസിന്റെ നിരക്ക് (p.a) |
|---|---|---|---|
| മാനേജർ | 18 | 10 | 3300 |
| അസിസ്റ്റന്റ് മോനേജർ | 16 | 15 | 3300 |
| ഫിൽഡ് ഓഫീസർ | 32 | 24 | 3300 |

| | | | |
|---|---|---|---|
| ഡ്രൈവർ | 13 | 9 | 2700 |
| സ്റ്റാഫ് നഴ്സ് | 1 | 1 | 2700 |
| ഫാർമസിസ്റ്റ് | 1 | 0 | 2200 |

യൂണിഫോം അലവൻസ് സംബന്ധിച്ച് Circular No.38/2017/Fin dated 23.05.2017-ലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

8. കേരള വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് (CCA) നിർത്തലാക്കപ്പെടുന്നതാണ്.

9. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

10. കേരള വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിച്ചിട്ടുള്ളപക്ഷം ആയത് ശമ്പള പരിഷ്കരണാനുകൂല്യങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

11. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

12. പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള പരിഷ്കരണം 10.02.2021ലെ സ.ഉ.(പി) നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ VII ലെ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കേണ്ടതാണ്.

13. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

14. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

15. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

16. ഇ.പി.എഫ് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. എംപ്ലോയറുടെ ഇ.പി.എഫ് കോൺട്രിബ്യൂഷൻ 12% of 15000 (Basic Pay + DA) ആയിരിക്കും.

17. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

18. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

19. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കെ.എഫ്.ഡി.സി-യിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

20. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കോർപ്പറേഷനിൽ നടപ്പിലാക്കുവാൻ പാടില്ല.

21. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ(പി) നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

22. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത കോർപ്പറേഷൻ സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

23. ഭാവിയിൽ ദിവസ വേതന/കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് G.O.(P)No.28/2016/Fin dtd 26.02.2016-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

24. കോർപ്പറേഷനിലെ കരാർ/ദിവസവേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O.(P)No.28/2016/Fin dtd 26.02.2016, G.O.(P)No.81/2019/Fin തീയതി 09.07.2019 എന്നീ

ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് 11.02.2021-ലെ G.O.(P)No.29/2021/Fin-ൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

25. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള വനം വികസന കോർപ്പറേഷൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ ആർ ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള, തിരുവനന്തപുരം.
മാനേജിങ് ഡയറക്ടർ, കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.2890 തീയതി 30.04.2025 പ്രകാരം).
ധനകാര്യ(പി.യു-ബി) വകുപ്പ്(No.2053077/PU-B3/37/2022-FIN തീയതി 04.03.2025 പ്രകാരം).
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 06-05-2025 13:21:48

പകർപ്പ്
ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 30-04-2025**

ഫയൽ നം. എഫ്2/268/2022/വനം.

ഇനം നം: 2890

വിഷയം : വനം-വന്യജീവി വകുപ്പ് - കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള സ്കെയിൽ, അലവൻസുകൾ എന്നിവ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

2890

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്2/268/2022/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള സ്കെയിൽ, അലവൻസുകൾ പരിഷ്കരിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24.03.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br><br>ഉണ്ട്. ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്<br><br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ് വി.ആർ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.03.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.04.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.04.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിലെ സർക്കാർ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പള സ്കെയിൽ, അലവൻസുകൾ എന്നിവ 10.02.2021-ലെ സ.ഉ. (പി) നം. 27/2021/ധന ഉത്തരവിലെ അനുബന്ധം 1 പ്രകാരം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിനാധാരമായ വിഷയം.

2. 10.02.2021-ലെ സ.ഉ. (പി) നം. 27/2021/ധന പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പതിനൊന്നാം ശമ്പള പരിഷ്കരണം വഴി ലഭിച്ചിട്ടുള്ള ശമ്പളവും അലവൻസുകളും കേരള വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് നൽകുന്നതിന് കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

3. ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം നൽകുകയുണ്ടായി.

'As per the annual reports submitted by the Kerala Forest Development Corporation, the company has registered profit in the last three financial years. Hence, this Department recommends the proposal for 11$^{th}$ pay revision in KFDC. AD may re-submit the file with remarks of Finance Department for placing the proposal before the Public Enterprises Board. AD is also requested to direct the company to complete the classification and audit process expeditiously'.

4. ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പിന്റെ റിമാർക്സിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടപടി വേഗത്തിൽ ആക്കാൻ കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർക്ക് നിർദേശം നൽകുകയുണ്ടായി.

5. ധനകാര്യ വകുപ്പ് ചുവടെ കാണും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

'കെ.എഫ്.ഡി.സി-യിലെ സർക്കാർ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പള സ്കെയിൽ, അലവൻസുകൾ എന്നിവ 10.02.2021 തീയതിയിലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ അനുബന്ധം-I പ്രകാരം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകുന്നു.

| Sl. No | Name of Post | Sanctioned Strength | Existing No. of employees as on 01.07.2019 | Pre-Revised scale ($10^{th}$ PR) | Revised Scale of Pay |
|---|---|---|---|---|---|
| 1. | Managing Director | 1 | 1 | IFS CADRE | IFS CADRE |
| 2. | General Manager | 1 | 0 | IFS CADRE | IFS CADRE |
| 3. | Assistant General Manager | 1 | 0 | 77400-115200 | 107800-160000 |
| 4. | Company Secretary | 1 | 1 | 68700-110400 | 95600-153200 |
| 5. | Accounts Manager | 2 | 1 | 45800-89000 | 63700-123700 |
| 6. | Divisional Manager | 7 | 6 | 45800-89000 | 63700-123700 |

| | | | | | |
|---|---|---|---|---|---|
| 7. | Administrative Assistant | 1 | 1 | 39500-83000 | 55200-115300 |
| 8. | Manager | 18 | 10 | 39500-83000 | 55200-115300 |
| 9. | PA to Managing Director | 1 | 1 | 36600-79200 | 51400-110300 |
| 10. | Senior Superintendent | 4 | 4 | 35700-75600 | 50200-105300 |
| 11. | Assistant Selection Grade/ Office Superintendent | 5 | 3 | 32300-68700 | 45600-95600 |
| 12. | Assistant Senior Grade | 5 | 1 | 30700-65400 | 43400-91200 |
| 13. | Assistant Grade I | 5 | 4 | 25200-54000 | 35600-75400 |
| 14. | Assistant Grade II | 5 | 5 | 22200-48000 | 31100-66800 |
| 15. | Steno Typist Selection Grade | 2 | 0 | 36600-79200 | 51400-110300 |
| 16. | Steno Typist Senior Grade | 2 | 0 | 30700-65400 | 43400-91200 |
| 17. | Assistant Manager | 16 | 15 | 27800-59400 | 39300-83000 |
| 18. | Steno Typist Grade I | 2 | 0 | 26500-56700 | 37400-79000 |
| 19. | Field Officer | 32 | 24 | 26500-56700 | 37400-79000 |
| 20. | Nurse | 1 | 1 | 25200-54000 | 35600-75400 |
| 21. | Steno Typist Grade II | 2 | 1 | 20000-45800 | 27900-63700 |
| 22. | Pharmacist | 1 | 0 | 20000-45800 | 27900-63700 |

| | | | | | |
|---|---|---|---|---|---|
| 23. | Driver Grade I | 6 | 6 | 19000-43600 | 26500-60700 |
| 24. | Driver Grade II | 7 | 3 | 18000-41500 | 25100-57900 |
| 25. | Typist | 2 | 0 | 18000-41500 | 25100-57900 |
| 26. | Office Attendant Gr-I | 4 | 4 | 17000-37500 | 23700-52600 |
| 27. | Office Attendant Gr-II | 17 | 10 | 16500-35700 | 23000-50200 |
| | Total | **151** | **102** | | |

**നിബന്ധനകൾ**

1. മേൽ ശമ്പള പരിഷ്ക്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്ക്കരിച്ച സ്കെയിലിൽ 01.07.2019-ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
4. 10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്ക്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.
5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. കേരള വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്ക്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.
6. കേരള വനം വികസന കോർപ്പറേഷനിലെ ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് യൂണിഫോം അലവൻസ് അടുത്ത സാമ്പത്തിക വർഷം (2025-26) മുതൽ ചുവടെ ചേർക്കുന്ന നിരക്കിൽ അനുവദിക്കാവുന്നതാണ്.

| Name of Post | Sanctioned Strength | Existing Strength | Rate of Uniform Allowance (p.a) |
|---|---|---|---|
| Manager | 18 | 10 | 3300 |
| Assistant Manager | 16 | 15 | 3300 |
| Field Officer | 32 | 24 | 3300 |
| Driver | 13 | 9 | 2700 |
| Staff Nurse | 1 | 1 | 2700 |
| Pharmacist | 1 | 0 | 2200 |

യൂണിഫോം അലവൻസ് സംബന്ധിച്ച് Circular No.38/2017/Fin dated 23.05.2017-ലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

8. കേരള വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് (CCA) നിർത്തലാക്കപ്പെടുന്നതാണ്.

9. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

10. കേരള വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിച്ചിട്ടുള്ളപക്ഷം ആയത് ശമ്പള പരിഷ്കരണാനുകൂല്യങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

11. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI-ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

12. പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള പരിഷ്കരണം 10.02.2021ലെ സ.ഉ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ VII -ലെ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കേണ്ടതാണ്.

13. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല

14. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ് ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല

15.ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

16.ഇ.പി.എഫ്. സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. എംപ്ലോയറുടെ ഇ.പി.എഫ് കോൺട്രിബ്യൂഷൻ 12% of 15000 (Basic Pay + DA) ആയിരിക്കും.

17. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

18. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല

19. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കെ.എഫ്.ഡി.സി-യിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

20. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കോർപ്പറേഷനിൽ നടപ്പിലാക്കുവാൻ പാടില്ല

21. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001-ലെ സ.ഉ(പി)നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

22. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത കോർപ്പറേഷൻ സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല

23. ഭാവിയിൽ ദിവസ വേതന/കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് G.O.(P)No.28/2016/Fin dtd 26.02.2016-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

24. കോർപ്പറേഷനിലെ കരാർ/ദിവസവേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O.(P)No.28/2016/Fin dtd 26.02.2016, G.O.(P)No.81/2019/Fin തീയതി 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് 11.02.2021-ലെ G.O.(P)No.29/2021/Fin-ൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

25. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള വനം വികസന കോർപ്പറേഷൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

26. ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്യേണ്ടതാണ്.

'ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്'.

6. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ കെ.എഫ്.ഡി.സി-യിലെ ജീവനക്കാർക്ക് നൽകുന്നില്ല എന്നും ഇടക്കാലാശ്വാസം

ലഭിച്ചിട്ടില്ല എന്നും കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. കെ.എഫ്.ഡി.സി-യിലെ സർക്കാർ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പള സ്കെയിൽ, അലവൻസുകൾ എന്നിവ 10.02.2021 തീയതിയിലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ അനുബന്ധം-I പ്രകാരം, ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കുന്നതിന് മന്ത്രിസഭാ യോഗത്തിന് മുമ്പാകെ സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, ബഹു. മുഖ്യമന്ത്രി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവാകുകയും ചെയ്തു.

## <u>തീരുമാനിക്കേണ്ട വിഷയം</u>

കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിലെ സർക്കാർ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പള സ്കെയിൽ, അലവൻസുകൾ എന്നിവ 10.02.2021 തീയതിയിലെ സ.ഉ.(പി)നം.27/2021/ധന ഉത്തരവിലെ അനുബന്ധം-I പ്രകാരം, ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കാമോ?